# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആവഡ-ജീവനക്കാര്യം-ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിലെ സ്ഥലംമാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 2.7.2024 തീയതിയിലെ ഈ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിലെ ഇവി1-14110/2024/ആവഡ എന്ന കുറിപ്പ്

**ഉത്തരവ് നം :ഇജി1-15282/2024/ആവഡ തീയതി : 19-07-2024**

ആരോഗ്യവകുപ്പിൽ വിവിധ ജില്ലകളിൽ ഒരേ സ്റ്റേഷനിൽ 5 വർഷം പൂർത്തിയായ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് മാരെ സ്ഥലം മാറ്റുന്നതിന് പരാമർശ പ്രകാരം അറിയിച്ചിരിക്കുന്നു. ആയതിൽ പത്തനംതിട്ട കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ സജനി വേലായുധൻ സ്ഥാപനമേധാവി, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ നൽകുന്ന യാതൊരു ഉത്തരവും അനുസരിക്കാതെ കൃത്യവിലോപം നടത്തുന്നതായും ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുന്നതായും റിപ്പോർട്ട് ലഭിച്ചതായി പരാമർശിച്ചിരിക്കുന്നു. ആകയാൽ ഡോ സജനി വേലായുധനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായും , മറ്റുള്ള ജീവനക്കാരെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ ഒരേ സ്റ്റേഷനിൽ 5 വർഷത്തിലധികമായി തുടരുന്നതിനാലും ഭരണപരമായ സൗകര്യാർത്ഥം സ്ഥലംമാറ്റി ചുവടെ ചേർക്കും വിധം ഉത്തരവാകുന്നു.

| ക്രമനം | പേരും നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനവും | സ്ഥലംമാറ്റം അനുവദിക്കപ്പെട്ട സ്ഥാപനം | സ്ഥലം മാറ്റപ്പെടുന്നതിനു കാരണം |
|---|---|---|---|
| 1 | ഡോ.സജനിവേലായുധൻ ജില്ലാ ആശുപത്രി കോഴഞ്ചേരി, പത്തനംതിട്ട | മെന്റൽ ഹെൽത്ത് സെന്റർ കുതിരവട്ടം കോഴിക്കോട് | അച്ചടക്ക നടപടിയുടെ ഭാഗമായി |
| 2 | എലിസബത്ത് ആൻറണി ജനറൽ ആശുപത്രി എറണാകുളം | മെന്റൽ ഹെൽത്ത് സെന്റർ കുതിരവട്ടം കോഴിക്കോട് | 5 വർഷത്തിലധികമായി ഒരേ സ്റ്റേഷനിൽ തുടരുന്നു |
| 3 | ശരത് എസ്.എസ് ജില്ലാ ആശുപത്രി പാലക്കാട് | മെന്റൽ ഹെൽത്ത് സെന്റർ കുതിരവട്ടം കോഴിക്കോട് | 5 വർഷത്തിലധികമായി ഒരേ സ്റ്റേഷനിൽ തുടരുന്നു |
| 4 | സന്ദീശ് പി റ്റി മെന്റൽ ഹെൽത്ത് സെന്റർ കുതിരവട്ടം കോഴിക്കോട് | ജില്ലാ ആശുപത്രി കോഴഞ്ചേരി, പത്തനംതിട്ട | 5 വർഷത്തിലധികമായി ഒരേ സ്റ്റേഷനിൽ തുടരുന്നു |
| 5 | വിനോദ് എസ് എസ് മെന്റൽ ഹെൽത്ത് സെന്റർ കുതിരവട്ടം കോഴിക്കോട് | ജനറൽ ആശുപത്രി എറണാകുളം | 5 വർഷത്തിലധികമായി ഒരേ സ്റ്റേഷനിൽ തുടരുന്നു |
| 6 | സൗമ്യാ കെ സുകുമാരൻ മെന്റൽ ഹെൽത്ത് സെന്റർ കുതിരവട്ടം കോഴിക്കോട് | ജില്ലാ ആശുപത്രി പാലക്കാട് | 5 വർഷത്തിലധികമായി ഒരേ സ്റ്റേഷനിൽ തുടരുന്നു |

മേൽജീവനക്കാരെ സ്ഥാപനമേധാവികൾ അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും സേവനത്തിൽ പ്രവേശിച്ച വിവരം യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന രേഖകൾക്കായി

ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 19-07-2024 15:50:48

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ് : 1.അക്കൗണ്ടന്റ് ജനറൽ ഓഫീസ്(എ&ഇ) തിരുവനന്തപുരം
2.ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസർമാർ
3.ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
4.ഫയൽ/കരുതൽ ഫയൽ